കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തലവടി ഗ്രാമപഞ്ചായത്ത്

# 2016-2017

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി11-1127/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ, തീയതി. 11.09.2017

ഫോൺ :- 0477 2252753

ഇ-മെയിൽ :- ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തലവടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തലവടി ഗ്രാമപഞ്ചായത്ത്- 2016 - 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലവടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.
.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി11-1127/17 തീയതി. 11.09.2017

# ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമ പഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.11.2016 മുതൽ 05.08.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 07.08.2017 മുതൽ 18.08.2017 വരെ | ശ്രീ. വിജയകുമാർ. എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. കെ. എം. പ്രശോഭൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. പ്രവീൺ ഷേണായി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ജാക്വലിൻ. പി.ഡബ്ല്യൂ, സീനിയർ ഗ്രേഡ് ഓഡിറ്റർ (14.08.2017 മുതൽ) |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | അഡ്വ. ജനൂബ് പുഷ്പാകരൻ | 01.04.2016മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. കെ. നാരായണൻ നായർ | 01.04.2016മുതൽ 31.05.2016 വരെ |
| 2 | ശ്രീ. അൻവർ റഹ്മാൻ, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) | 01.06.2016മുതൽ 16.08.2016 വരെ |
| 3 | ശ്രീ. ബി. രാജഗോപാൽ അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) | 17.08.2016മുതൽ 20.12.2016 വരെ |
| 4 | ശ്രീമതി. സിന്ധു. എസ് | 21.12.2016മുതൽ 31.03.2017 വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി. ആശാ ശങ്കർ<br>ശ്രീമതി. ജയശ്രീ | 01.04.2016 മുതൽ 15.09.2016 വരെ<br>16.09.2016 മുതൽ 31.03.2017 വരെ |
| 2 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. അനില ശശിധരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | വി.ഇ.ഒ, | ശ്രീ. രാജേഷ് | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | എച്ച്.എം. യു.പി.എസ് | ശ്രീമതി. പി. കെ. സുജാത | 01.04.2016 മുതൽ 31.03.2017 വരെ |
| 5 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | ഡോ. സിനി<br>ഡോ. പ്രശോഭ്. എസ് | 01.04.2016 മുതൽ 01.11.2016 വരെ<br>02.11.2016 മുതൽ 31.03.2017 വരെ |
| 6 | അസിസ്റ്റന്റ്. എഞ്ചിനീയർ | ശ്രീമതി. ഓമന. ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ.എലീസ.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| 8 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.പ്രമിത.പി. പിള്ള | 01.04.2016 മുതൽ 31.03.2017 വരെ |

| | | | |
|---|---|---|---|
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സൽമ ബീവി | 01.04.2016 മുതൽ 31.03.2017 വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അൻവർ റഹ്മാൻ<br>ശ്രീ.ബി. രാജഗോപാൽ | 01.04.2016 മുതൽ 16.08.2016 വരെ<br>17.08.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ<br>1-9 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് |
| 3 | 2-2 | വസ്തുനികുതി - ഫയലുകൾ ഹാജരാക്കിയില്ല |
| 4 | 2-3 | മൊബൈൽ ടവറുകളുടെ വസ്തുനികുതി |
| 5 | 2-4 | വസ്തുനികുതി പിരിവിൽ വീഴ്ച – 16.12ലക്ഷം കുടിശ്ശിക |
| 6 | 2-5 | തൊഴിൽ നികുതി - പൂർണ്ണമായി ഡിമാന്റ് ചെയ്തിട്ടില്ല. |
| 7 | 2-6 | ദുരിതാശ്വാസ നിധി നിർജ്ജീവമായി തുടരുന്നു. |
| ഭാഗം – 3 | | |
| 8 | 3-1 | സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി തുക ചെലവഴിച്ചു. |
| 9 | 3-2 | ഡിപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 10 | 3-3 | ലക്ഷംവീട് അങ്കണവാടി ടൊയ് ലറ്റ് പുനരുദ്ധാരണം- നിർവ്വഹണത്തിലെ അപാകങ്ങൾ |
| 11 | 3-4 | ഓവർഹെഡ് ചാർജ്ജിനത്തിൽ അധിക തുക നൽകി. |
| 12 | 3-5 | തെരുവ് നായ്ക്കളുടെ നിയന്ത്രണം (എ.ബി.സി.പദ്ധതി) - തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല. |
| 13 | 3-6 | മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു. |
| 14 | 3-7 | പാലിയേറ്റീവ് കെയർ പ്രോജക്ട് - പണം നൽകിയെങ്കിലും മരുന്നുകളും മറ്റ് ഉപകരണങ്ങളും ലഭിച്ചില്ല. |
| 15 | 3-8 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – 89 ലക്ഷം ചെലവഴിച്ചില്ല |

| | | |
|---|---|---|
| 16 | 3-9 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം-അപാകതകൾ |
| 17 | 3-10 | സാമൂഹ്യ സുരക്ഷാ മിഷൻ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 18 | 3-11 | തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് - ഓർഡിനറി ബൾബുകളുടെ പേരിൽ അധികതുക നൽകുന്നു |
| 19 | 3-12 | വെള്ളക്കരം - ഭീമമായ കുടിശ്ശിക |
| 20 | 3-13 | ബിറ്റുമിൻ വാങ്ങൽ - പ്രവൃത്തികൾ നാളിതുവരെ നടപ്പാക്കിയില്ല. |
| 21 | 3-14 | പണമിടപാടുകൾ നടത്താതെ ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ നിഷ് ക്രീയമായി തുടരുന്നു. |
| 22 | 3-15 | ഓഡിറ്റ് ഇംപാക്ട് |
| ഭാഗം – 4 | | |
| 23 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 24 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 25 | അനുബന്ധം 2 | 1/29.08.2016 കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും പേരും, മേൽവിലാസവും. |

## ഭാഗം 1

### പൊതു അവലോകനം

### 1-1. ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.2016-ാം തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 113942000 | 113661000 |
| വാർഷിക കണക്ക് പ്രകാരം | 39663097 | 37849373 |

യഥാർത്ഥ വരവും ചെലവും ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകളുടെ യഥാക്രമം 35% ഉം, 33% ഉം മാത്രമാണ്. മുൻ വർഷ വരവു ചെലവു കണക്കിനേയും, സ്ഥിതി വിവരകണക്കുകളേയും അടിസ്ഥാനമാക്കി യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ (ക്വാളിഫൈഡ്) സർട്ടിഫിക്കറ്റ് നൽകുന്നു.

(വിശദ വിവരം ഖണ്ഡിക- 4-1 കാണുക)

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 10213304 | 8985089 | 87.97 |
| വികസനഫണ്ട് എസ്.സി.പി. | 3605304 | 3281856 | 91.03 |
| വികസനഫണ്ട് ടി.എസ്.പി. | 29136 | 29136 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 4359600 | 1803872 | 41.38 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2756271 | 1036250 | 37.59 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5727114 | 4147655 | 72.42 |
| ലോക ബാങ്ക് സഹായം | 3274792 | 1800302 | 54.97 |
| ബി ഫണ്ട് | 35191205 | 35191205 | 100 |
| എം.എൻ.ആർ.ഇ.ജി.എസ് | 23311839<br>(34113/- രൂപ മുന്നിരിപ്പ് ഉൾപ്പടെ) | 23262000 | 99.78<br>(നീക്കിയിരുപ്പ് 49839/- രൂപ) |

## 1-4 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 198 | 43708045 | 99 | 26236684 | 74 | 25 | 50 |

അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 50% മാത്രമാണ് പൂർത്തീകരിക്കപ്പെട്ടത്, ചെലവ് അടങ്കൽ തുകയുടെ 60% മാത്രവും, പദ്ധതി ആസൂത്രണവും നിർവ്വഹണവും സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-5 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.08ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3092865 | 3640296 | 547431 | 17.70 |
| നികുതിയേതര വരവുകൾ | 262823 | 339075 | 76252 | 29.01 |
| മറ്റ് വരവുകൾ | 450843 | 363287 | (-)87556 | (-)19.42 |
| ആകെ | 3806531 | 4342658 | 536127 | 14.08 |

## 1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളിലൂടെ 3487 ഗുണഭോക്താക്കൾക്കായി 35191205/- രൂപ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 64080 | 73 |
| കർഷകതൊഴിലാളി പെൻഷൻ | 11849270 | 1218 |

| | | |
|---|---|---|
| വിധവാപെൻഷൻ | 5926560 | 576 |
| വാർദ്ധക്യകാലപെൻഷൻ | 14753410 | 1342 |
| വികലാംഗപെൻഷൻ | 2278635 | 246 |
| അവിവാഹിതപെൻഷൻ | 60000 | 2 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 259250 | 30 |
| ആകെ | 35191205 | 3487 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.8.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12394/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-8 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് അപാകതകളുള്ളതായി കാണുന്നു. പ്രധാന തനതു വരുമാനമായ കെട്ടിട നികുതി സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല (സഞ്ചയ സോഫ്റ്റ് വെയറും കൃത്യമായ രീതിയിൽ തയ്യാറാക്കിയിട്ടില്ല). ഡി ആന്റ് ഒ രജിസ്റ്റർ, വാർഡ് തല ട്രെഡേഴ്സ് ലിസ്റ്റ് എന്നിവയും കൃത്യമായി തയ്യാറാക്കിയിട്ടില്ല. തെരുവ് വിളക്കുകൾ, പൊതു ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.7.2017 | 6/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.6.17 മുതൽ 28.6.17 വരെ | 2012-13 മുതൽ 2016-17 വരെ | 31.7.2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

1. ഗ്രാമപഞ്ചായത്തിൽ ആറാം വാർഡിൽ സുജാകുമാരി മംഗളത്തറ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 6/ 490 -ാം വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് പൂർത്തിയാക്കിയ പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോർ 49.02 $m^2$ ഫസ്റ്റ് ഫ്ലോർ 61.47 $m^2$ തറവിസ്തീർണ്ണം ഉണ്ട് .എന്നാൽ സഞ്ചയസോഫ്റ്റ് വെയർ ഫോം സിക്സ്,

ഡിമാന്റ് എന്നിവ പ്രകാരം ഗ്രൗണ്ട് ഫ്ലോർ 40.5 $m^2$ , ഫസ്റ്റ് ഫ്ലോർ 40.5$m^2$ തറവിസ്തീർണ്ണത്തിന് മാത്രമാണ് നികുതി നിർണ്ണയം നടത്തിയത് , ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 18) മറുപടി ലഭിച്ചില്ല. 49.02$m^2$ തറവിസ്തീർണ്ണം ഉള്ള കെട്ടിടത്തിന്റെ താഴത്തെ നിലയ്ക്ക് 100 ചതുരശ്രമീറ്റർവരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ഒരു ചതുരശ്രമീറ്ററിന് ഈടാക്കുന്ന നികുതി - 40/- രൂപയും 5 മീറ്ററിലധികം വീതിയുള്ള വഴി ഉള്ളതുകൊണ്ടുള്ള അധിക നിരക്ക് 20% ഉൾപ്പെടെ ആകെ ഈടാക്കാവുന്നത് (49.02x40+20%) 2352/- രൂപയാണ്. എന്നാൽ നികുതി നിർണ്ണയം നടത്തിയത് 40.5 $m^2$ തറവിസ്തീർണ്ണത്തിന് മാത്രമാണ് (40.5x40+20%). ഇത് മൂലം 408/-രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ലോർ ലോഡ്ജ് ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്, പ്ലാൻ പ്രകാരം ഫസ്റ്റ് ഫ്ലോർ തറവിസ്തീർണ്ണം 61.47 $m^2$ ആണ്. ലോഡ്ജിന് ഒരു ചതുരശ്രമീറ്ററിന് ഈടാക്കുന്ന നികുതി - 30/- രൂപ പ്രകാരം 61.47 $m^2$ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് 5 മീറ്ററിലധികം വീതിയുള്ള വഴിക്കുള്ള അധിക നിരക്ക് 20% ഉൾപ്പെടെ ഈടാക്കാവുന്ന നികുതി 2213/- രൂപയാണ്, എന്നാൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് 40.5 $m^2$ തറവിസ്തീർണ്ണത്തിന് മാത്രമാണ് (40.5x30+20%). ഇതുമൂലം 755/- രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്, കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുള്ള 1163/- രൂപ നികുതി പുനർനിർണ്ണയിച്ച് ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നികുതി ദായകന്റെ പേര് | വാർഡ് / കെട്ടിട നമ്പർ | കെട്ടിടത്തിന്റ തറവിസ്തീർണ്ണം/ ഈടാക്കേണ്ട നികുതി | നികുതി നിർണ്ണയം നടത്തിയത് / ഈടാക്കിയ നികുതി | നികുതി ഈടാക്കി യതിൽ കുറവ് |
|---|---|---|---|---|
| ചാക്കോ മാത്യു | 6/96 | 159.39m$^2$. 1m$^2$ ന് 6/- രൂപ പ്രകാരം ഈക്കേണ്ടത് = 159.39x6 = 956.34 5 മീറ്ററോ അധിലധികമോ വഴി പ്രകാരം 20% വർദ്ധന = 191.3 | 150x6+20% = 1080/- | 1148-1080 = 68 |
| വിജ്ജുകുമാർ തുണകളത്തിൽ | 3/242 | 148.35 m$^2$@ 6/ m$^2$+20% = 1068/- | 131.8 m$^2$@ 6/m$^2$+ 20% = 949/- | 1068.12-948.96=119 |
| | ആകെ | | | 187 |

മേൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന തുക കെട്ടിട ഉടമസ്ഥരിൽ നിന്നും ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. 5-ാം വാർഡിൽ അമൃതം. യു. പണിക്കർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള 242 ( A-E) കെട്ടിടത്തിന് 16-17 വർഷം നികുതി നിർണ്ണയിച്ച് നമ്പർ നൽകിയിട്ടുണ്ട്, കെട്ടിടത്തിന് പെർമിറ്റ് നൽകിയ പ്ലാൻ മാത്രമാണ് പരിശോധനയ്ക്ക ഹാജരാക്കിയത്, ഇത് പ്രകാരം 4 കടമുറികൾ മാത്രമാണ് പ്ലാനിൽ ഉള്ളത്, എന്നാൽ 5 കടമുറികളുടെ നികുതി അസ്സസ് ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയില്ല, ഇത് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 18) മറുപടി ഹാജരാക്കിയില്ല. അനുമതി നൽകപ്പെട്ട പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയത് ക്രമവൽക്കരിക്കുന്നതിനും ഫൈൻ ഈടാക്കേണ്ടതാണ്.

## 2-2 വസ്തുനികുതി - ഫയലുകൾ ഹാജരാക്കിയില്ല

സഞ്ചയസോഫ്റ്റ് വെയർ, ഫോം സിക്സ് , ഡിമാന്റ് നോട്ടീസ്, അസ്സസ്മെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2016-17 വർഷം ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലുമായി ധാരാളം റസിഡൻഷ്യൽ കെട്ടിടങ്ങളും, വാണിജ്യാവശ്യത്തിനും, മറ്റ് ആവശ്യങ്ങൾക്കുമുള്ള കെട്ടിടങ്ങളുടെയും നികുതി നിർണ്ണയിച്ച് നമ്പർ നൽകിയിട്ടുണ്ട്, 2016-17 വർഷത്തെ നമ്പറിംഗ് ഫയലുകൾ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയത് വളരെ കുറച്ച് ഫയലുകൾ മാത്രമാണ്. നികുതി നിർണ്ണയ ഫയലുകൾ സൂക്ഷിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും തികഞ്ഞ അനാസ്ഥയാണ് കാണുന്നത്. ഹാജരാക്കിയ ഫയലുകളിലാകട്ടെ മിക്ക കെട്ടിടങ്ങളുടെയും കംപ്ലീഷൻ പ്ലാൻ ലഭ്യമല്ലായിരുന്നു. അതിനാൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/ തസ്വഭവ പ്രകാരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. മൊബൈൽ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയാണ് വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ 15 വാർഡുകളുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം ആകെ രണ്ട് ടവറുകളുടെ നികുതി മാത്രമാണ് അസ്സസ്സ് ചെയ്തിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് വിവരം | വാർഡ്/ കെട്ടിട നം. | വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തു നികുതി | പരാമർശം |
|---|---|---|---|---|---|
| 1 | ടവർ വിഷൻ ഇന്ത്യ പ്രൈ.ലിമി. | 15/524 | 13 ച.മീ. | 8580 | 2013-14 മുതൽ |
| 2 | റിലൈൻസ് കമ്മ്യൂണിക്കേഷൻ | 7/45 | 13 ച.മീ. | 8580 | |

പ്രസ്തുത ടവറുകളുടെ 16-17 വർഷത്തെ വസ്തു നികുതി ഈടാക്കിയിട്ടില്ല (17160/- രൂപ). ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. റിലൈൻസ് കമ്മ്യൂണിക്കേഷൻ എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ വസ്തു നികുതി 2013-14 മുതൽ നിർണ്ണയിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നികുതി ഒടുക്കിയിട്ടില്ല. ടിയിനത്തിൽ 2013-14 മുതൽ 2015-16 വരെ 25,740/- രൂപ കുടിശ്ശികയുമുണ്ട്. ടി തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കുവാനമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/16.8.2017) സെക്രട്ടറി മറുപടി ഹാജരാക്കിയിട്ടില്ല. വസ്തു നികുതി ഇനത്തിലുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള എല്ലാ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 വസ്തുനികുതി പിരിവിൽ വീഴ്ച – 16.12ലക്ഷം കുടിശ്ശിക

പഞ്ചായത്തിന്റെ ഏറ്റവും പ്രധാന തനതു വരുമാന മാർഗ്ഗമാണ് വസ്തുനികുതി. താരതമ്യേന തുച്ഛമായ തനതു വരുമാനം മാത്രമുള്ള ഈ ഗ്രാമ പഞ്ചായത്തിന്റെ ആകെ തനതു വരുമാനത്തിന്റെ ഭൂരിഭാഗവും വസ്തുനികുതിയാണ്. എന്നാൽ വസ്തുനികുതി പിരിച്ചെടുക്കുന്നതിൽ വർഷങ്ങളായി ഗുരുതര വീഴ്ച വരുത്തുന്നതു മൂലം ഭീമമായ തുക കുടിശ്ശികയായി.

2016-17ലെ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതിയിനിത്തിൽ 1611964/- രൂപ കുടിശ്ശികയുണ്ട്. കുടിശ്ശിക ഉൾപ്പെടെ 4616278/- രൂപ പിരിച്ചെടുക്കാനുണ്ടായിരുന്നതിൽ 3004314/- രൂപയാണ് പിരിച്ചെടുക്കാനായത്. ഇത് പഞ്ചായത്തിന്റെ, പ്രത്യേകിച്ചും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തിനു ലഭിക്കാനുള്ള എല്ലാ തുകകളും പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെയും ഭരണ വകുപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 തൊഴിൽ നികുതി - പൂർണ്ണമായി ഡിമാന്റ് ചെയ്തിട്ടില്ല.

പരിശോധനയ്ക്കായി ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം 308 വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി രജിസ്റ്ററിൽ 158 വ്യപാരികളിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ വിശദാംശങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് . ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്, ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം തൊഴിൽ നികുതി ഈടാക്കുന്നതായിരിക്കും എന്ന് മറുപടിയാണ് ഹാജരാക്കിയത്.

ഇത് പ്രകാരം കുറെയേറെ വ്യാപാരികളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. എന്നാൽ ഹാജരാക്കിയ തൊഴിൽ നികുതി രജിസ്റ്ററിൽ 100 % നികുതി പിരിവ് രേഖപ്പെടുത്തിയിട്ടുണ്ട്. വരവ് തുക ഡിമാന്റായി രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. യഥാർത്ഥമായി ലഭിക്കാനുള്ള നികുതിയും വരവും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ട്രേഡേഴ്സ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ ഒന്നും തന്നെ പഞ്ചായത്തിന്റെ ഭാഗത്ത്നിന്നും ഉണ്ടായിട്ടില്ല. അതിനാൽ പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി ഉയർത്തുന്നതിനായി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം നികുതി ദായകരെ കണ്ടെത്തി, അവരിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-6 ദുരിതാശ്വാസ നിധി നിർജ്ജീവമായി തുടരുന്നു.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. തലവടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ പേരിൽ ഐ.ഒ.ബി, നീരേറ്റുപുറം ശാഖയിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും 14.7.2010 ന ശേഷം ആർക്കും തന്നെ ഇതിൽനിന്നും തുക അനുവദിച്ചിട്ടില്ല. കഴിഞ്ഞ 7 വർഷ കാലയളവിൽ ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളൊന്നും തന്നെ നടന്നിട്ടില്ല എന്നുള്ളത് ഖേദകരമാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ധാരാളം ജനങ്ങൾ ഉള്ള പ്രദേശത്ത് ദുരിതാശ്വാസ നിധിയിൽ നിന്നും ആനുകൂല്യങ്ങൾ അനുവദിക്കാത്തത് മാതൃകാപരമായ നടപടിയല്ല.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി തുക ചെലവഴിച്ചു.

പ്രോജക്ട് നം. : S0085/17

ബിൽ നം. : 8/16-17/27.3.17 - 66575 / -

ബിൽ നം. : 14/16-17/29.3.17 -2856 /-

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ വയോജനങ്ങൾക്ക് അംഗനവാടി വഴി ഡ്രൈ റേഷൻ പദ്ധതിക്ക് ഡ്രൈ റേഷൻ വാങ്ങുന്നതിനായി 66575/- രൂപയും ട്രാൻസ്പ്പോർട്ടേഷൻ ചാർജ്ജായി 2856 /- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ അംഗനവാടികൾ മുഖേനയാണ് വയോജനങ്ങൾക്ക് ഡ്രൈറേഷൻ വിതരണം നടപ്പാക്കിയത്. എന്നാൽ വയോജനങ്ങൾക്ക് അംഗനവാടി വഴി ഡ്രൈ റേഷൻ വിതരണം എന്ന പദ്ധതി ജി .ഒ (എം. എസ്) 4/2016 തസ്വഭവ 11.1.2016 മാർഗരേഖയിൽ ഉൾപ്പെടുന്നതല്ല. മാർഗ്ഗരേഖ (10) പ്രകാരം ഭക്ഷണവിതരണ പരിപാടികൾ അനുവദിച്ചിട്ടുള്ളത്, എച്ച് ഐ വി ബാധിതർ, 10% എങ്കിലും പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾ പഠിക്കുന്ന

സ്കൂളുകൾ, പട്ടികവർഗ്ഗക്കാർ, ആശ്രയ പാക്കേജ് പ്രകാരം അർഹതയുള്ള അഗതികൾ, ബഡ്സ് സ്കൂൾ എന്നീ വിഭാഗങ്ങൾക്ക് മാത്രമാണ്. ഈ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പോഷകാഹാര/ ഭക്ഷണ വിതരണം എന്നിവ ഒഴികെ മറ്റ് പോഷകാഹാര/ ഭക്ഷണ വിതരണ പരിപാടികൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കാവുന്നതല്ല. സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയത് ക്രമവിരുദ്ധമാണ്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ പദ്ധതികൾ നടപ്പാക്കിയതിന് സർക്കാർ നിർദ്ദേശമോ, സർക്കാറിന്റെ പ്രത്യേക അനുമതിയോ ലഭ്യമായിട്ടുണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 17) മറുപടി ഹാജരാക്കിയില്ല. ആയതിനാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച തുക 69431/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ക്രമ വിരുദ്ധമായി ചെലവഴിച്ച തുക പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയ ഭരണസമിതി അംഗങ്ങൾ, (1/29.08.2016 തീയതിയിലെ കമ്മറ്റിയിൽ പങ്കെടുത്തവർ) സെക്രട്ടറി, പദ്ധതി നടപ്പാക്കിയ ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-2 ഡിപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന ഡിപ്പോസിറ്റ് പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡിപ്പോസിറ്റായി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം. | നിർവ്വഹണ ഏജൻസി | തുക | ബിൽ നം./ തീയതി | പരാമർശം |
|---|---|---|---|---|---|
| 1 | കോതപ്പുഴശ്ശേരിപ്പടി പൈപ്പ് ലൈൻ സ്ഥാപിക്കൽ (73/17) | കേരളാ വാട്ടർ അതോറിറ്റി | 65000 | 25/30.3.17 | വിശദമായ എസ്റ്റിമേറ്റില്ല, കരാറിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| 2 | സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ (197/17) | കെ.എസ്.ഇ.ബി | 285372 | 23/29.3.17 | കരാർ ചമച്ചിട്ടില്ല. |
| 3 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ- മീറ്ററിംഗ് | കെ.എസ്.ഇ.ബി | 68000<br>1586377 | 21/29.3.17<br>16/28.2.17 | കരാറിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല |

തെരുവ് വിളക്കിന് ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കുന്നതിനായി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരം 46ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കുന്നതിന് 10600/-രൂപ നിരക്കിൽ 487600/- രൂപയാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തുകളിലെ തെരുവ് വിളക്കുകൾക്ക് ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി 2014-15 വർഷം വരെ 50% സബ്സിഡി നിരക്കിൽ ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. ( ഗ്രാമപഞ്ചായത്ത് - 50%, കെ.എസ്.ഇ.ബി - 50%) സർക്കാർ നിർദ്ദേശിച്ചിരുന്ന സമയപരിധിയിൽ പ്രോജക്ട് തയ്യാറാക്കിയിരുന്നെങ്കിൽ എസ്റ്റിമേറ്റിന്റെ 50% തുകയായ 5300/- രൂപ നിരക്കിൽ ആകെ 243800/- രൂപ മാത്രമെ ചെലവഴിക്കപ്പെടുമായിരുന്നുള്ളു. എന്നാൽ യഥാസമയം പദ്ധതി നടപ്പാക്കാതിരുന്നതു മൂലം 243800/- രൂപ അധിക ചെലവായി.

മേൽ പ്രവൃത്തികളിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ, നിലവിലെ സ്ഥിതി വിവരം എന്നിവ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 ലക്ഷംവീട് അങ്കണവാടി ടൊയ് ലറ്റ് പുനരുദ്ധാരണം- നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രോജക്ട് നം. - 156/17

കൺവീനർ - പി.ഷീലാകുമാരി

ബിൽ നം. - 77/16-17/31.3.17 – 72071/-

അളവ് പുസ്തകം - 40/16-17

പ്രവൃത്തി മൂല്യം - 72071/-

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ ലക്ഷം വീട് അങ്കണവാടി ടൊയ് ലറ്റ് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങളുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

*എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ രീതിയിൽ പ്രവൃത്തി നിർവ്വഹണം നടത്തി.*

അളവ് ബുക്ക് പ്രകാരം ചെയ്തിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികൾ അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഇനങ്ങളല്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

| ഇന നം. | ഇന വിവരം | ചെയ്ത അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 1 | എർത്ത് വർക്ക് എക്സ്കവേഷൻ | 1.25ക്യൂ.മീ | 225.75/ക്യൂ.മീ | 282 |
| 2 | സിമന്റ് കോൺക്രീറ്റ് വർക്ക് | 0.126ക്യൂ.മീ | 6164.85/ക്യൂ.മീ | 777 |
| 3 | ആർ.സി.സി വർക്ക് | 0.712ക്യൂ.മീ | 8206.94/ക്യൂ.മീ | 5843 |
| 4 | സ്റ്റീൽ വർക്ക് - ആർ.സി.സി | 19.02kg | 97.61/kg | 1857 |
| | ആകെ | | | 8759 |

## 3-4 ഓവർഹെഡ് ചാർജ്ജിനത്തിൽ അധിക തുക നൽകി.

പ്രോജക്ട് നം. - 97/17

കൺവീനർ - മാത്യു.പി.ജേക്കബ്

ബിൽ നം. - 96/16-17/31.3.17 – 34000/-

അളവ് പുസ്തകം - 55/16-17

പ്രവൃത്തി മൂല്യം - 34000/-

ഗ്രാമ പഞ്ചായത്തിൽ പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ 10% ഓവർ ഹെഡ് ചാർജ്ജാണ് നൽകിയിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃസമിതി പ്രവൃത്തികളിൽ ഓവർ ഹെഡ് ചാർജ്ജിനത്തിൽ 7.5% മാത്രമാണ് സർക്കാർ

അനുവദിച്ചിട്ടുള്ളത്. അധികമായി കണക്കാക്കിയ ഓവർ ഹെഡ് ചാർജ്ജ് ഫൈനൽ ബില്ലിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള ഭൂരിഭാഗം പ്രവൃത്തികളിൽ നിന്നും ഇത്തരത്തിൽ 2.5% തുക കുറവു ചെയ്താണ ബിൽ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ മറ്റപ്പള്ളി- കുഞ്ഞായിച്ചിറപ്പടി റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ പ്രസ്തുത കുറവു വരുത്താതിരുന്നതു മൂലം കൺവീനർക്ക് അധിക തുക നൽകി. വിശദ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രവൃത്തിമൂല്യം | - | 34000/- |
| (-) ഓവർഹെഡ് 2.5% | - | 850/- |
| അനുവദനീയമായ തുക | - | 33150/- ====== |
| അധികമായി പിൻവലിച്ച തുക | - | 850/- |

പ്രസ്തുത അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/16.8.2017) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 850/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 തെരുവ് നായ്ക്കളുടെ നിയന്ത്രണം (എ.ബി.സി.പദ്ധതി) - തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

നിർവഹണം - സെക്രട്ടറി

ബിൽ നം. - 7/16-17 തീയതി.28.10.16 - 200000/-

എ.ബി.സി.പദ്ധതിയുടെ ഭാഗമായി 200000/- രൂപ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ജില്ലാ പഞ്ചായത്തിന് നല്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കാതെ തുക ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ ഡെപ്പോസിറ്റായി തുടരുന്നു. തുകയുടെ വിനിയോഗ വിവരം, പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരം എന്നിവ ഓഡിറ്റിൽ രേഖാമൂലം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/9.8.2017) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ നിലവിലും ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-6 മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആയുർവ്വേദ ആശുപത്രി, ഹോമിയോ ആശുപത്രി എന്നിവയ്ക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/ നിർവ്വഹണ ഉദ്യോഗസ്ഥൻ | നൽകിയ തുക | ലഭിച്ച മരുന്ന് തുക | ശേഷിക്കുന്ന മരുന്നിന്റെ വില | ബിൽ നം./ തീയതി |
|---|---|---|---|---|---|
| 1 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് (മെഡിക്കൽ ഓഫീസർ, ആയുർവേദം) | 100000 | 45566 | 54434 | 1/25.1.17 |
| 2 | ഹോമിയോ ആശുപത്രിക്ക് മരുന്ന് (മെഡിക്കൽ ഓഫീസർ, ഹോമിയോ) | 50000 | -- | 50000 | 1/27.2.17 |
| | ആകെ | 150000 | 45566 | 104434 | |

ഇത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥർ ലഭ്യമാക്കിയ വിശദീകരണത്തിൽ മരുന്ന് ലഭിക്കാൻ ഔഷധി, ഹോംകോ എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും മരുന്ന് ലഭിച്ചാലുടൻ ആഡിറ്റിൽ അറിയിക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. നാളിതുവരെയായും മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ലാത്തതിനാൽ ലഭിക്കാനുള്ള മരുന്നിനായി മുൻകൂറടച്ച തുകയായ 104434 രൂപയുടെ ചെലവ് ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ആഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 പാലിയേറ്റീവ് കെയർ പ്രോജക്ട് - പണം നൽകിയെങ്കിലും മരുന്നുകളും മറ്റ് ഉപകരണങ്ങളും ലഭിച്ചില്ല.

പാലിയേറ്റീവ് കെയർ പ്രോജക്ടിൽ മരുന്നുകൾക്കും മറ്റ് മെഡിക്കൽ ഉപകരണങ്ങൾക്കുമായി പണം ചെലവഴിച്ചെങ്കിലും ആയവ ഇതുവരെ ലഭിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1. ചെക്ക് നം. 862550/8-2-17 പ്രകാരം ബ്ളോക്ക് വിഹിതം 50000/- രൂപ ലഭിച്ചത് 25 ഇനം ആയുർവേദ മരുന്നുകൾക്കായി ഔഷധിയുടെ 1316/25-12-16-ാം ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ നൽകി.
2. ചെക്ക് നം. 1073103/27-3-17 പ്രകാരം ബ്ളോക്ക് വിഹിതം 136000/- രൂപ ലഭിച്ചത് കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് ന്റെ 25-3-17 ലെ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 16 ഇനം മരുന്നുകൾക്കായി 50000/- രൂപയും 20-3-17 ലെ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 8 ഇനം മരുന്നുകൾക്കായി 40000/- രൂപയും 25-3-17 ലെ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ വീൽചെയർ മുതലായ 7 ഇനം മെഡിക്കൽ ഉപകരണങ്ങൾക്കായി 46000/- രൂപയും കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിനു നൽകി.
3. ബിൽ നം. 9/28-3-17 പ്രകാരം 25000/- പിൻവലിച്ചതിൽ 317 യൂറിൻ കളക്ഷൻ ബാഗിനും, 400gmx40 കോട്ടൻ തുണിക്കുമായി 10000/- രൂപ കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് നു നൽകി.

മുകളിൽ കാണിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 196000/- രൂപ വിവിധ വസ്തുക്കൾക്കായി ചെലവ് ചെയ്തെങ്കിലും ആയവ ലഭിച്ചിട്ടില്ലാത്തതിനാൽ 196000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച - 89 ലക്ഷം ചെലവഴിച്ചില്ല

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വിവിധതെരുവ് നായ്ക്കളുടെ നിയന്ത്രണം (എ.ബി.സി. പദ്ധതി) - തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

നിർവ്വഹണം - സെക്രട്ടറി

ബിൽ നം. - 7/16-17, തീയതി. 28.10.16 - 200000/-

എ.ബി.സി.പദ്ധതിയുടെ ഭാഗമായി 200000/- രൂപ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ജില്ലാ പഞ്ചായത്തിന് നല്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കാതെ തുക ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ ഡെപ്പോസിറ്റായി തുടരുന്നു. തുകയുടെ വിനിയോഗ വിവരം, പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരം എന്നിവ ഓഡിറ്റിൽ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/9.8.2017) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ നിലവിലും ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ആകെ 2.99 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ കേവലം 2.10കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഏറ്റെടുത്ത പദ്ധതികളിൽ, പ്രത്യേകിച്ചും മരാമത്തു പദ്ധതികളിൽ ഭൂരിഭാഗവും നടപ്പാക്കാതെ ബാക്കി 89 ലക്ഷം രൂപ നഷ്ടമായി. വിശദാംശം ചുവടെ.

| ഇനം | അലോട്ട് ചെയ്ത തുക | ചെലവഴിച്ച തുക | ബാക്കി തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 10213304 | 8985089 | 1228215 | 87.97 |
| വികസന ഫണ്ട് - SCP | 3605304 | 3281856 | 323448 | 91.03 |
| വികസന ഫണ്ട് - TSP | 29136 | 29136 | -- | 100 |
| മെയിന്റ. ഗ്രാന്റ് - റോഡ് | 4359600 | 1803872 | 2555728 | 41.38 |
| മെയിന്റ. ഗ്രാന്റ് - നോൺ റോഡ് | 2756271 | 1036250 | 1720021 | 37.59 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5727114 | 4147655 | 1579459 | 72.42 |
| പെർഫോർമൻസ് ഗ്രാന്റ് | 3274792 | 1800302 | 1474490 | 54.97 |
| ആകെ | 29965521 | 21084160 | 8881361 | 70.36 |

20984538/- രൂപ അടങ്കലിൽ 148 മരാമത്തു വേലകൾ ആവിഷ്കരിച്ചെങ്കിലും 7628110/- രൂപ ചെലവഴിച്ച് 61പദ്ധതികൾ മാത്രമാണ് പൂർത്തീകരിച്ചത്. (ചെലവ് ശതമാനം 36.35)

ഭൗതിക സൗകര്യങ്ങൾ കുറഞ്ഞ ഈ ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ ഇത്രയും തുക യഥാസമയം ചെലവഴിക്കാൻ കഴിയാതിരുന്നത് തീർത്തും നിരാശാജനകമാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം-അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം എന്ന പ്രോജക്ടിന്റെ (S065/17) നടത്തിപ്പ് കാര്യക്ഷമമല്ലാത്തതിനാൽ ധാരാളം അപാകതകൾ വന്നിട്ടുണ്ട്. 12-ാം ക്ലാസ് വരെയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്യുക എന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. ഇതിനായി ടെന്റർ വിളിക്കുകയും മൂന്ന് സ്ഥാപനങ്ങൾ ടെന്റർ

സമർപ്പിക്കുകയും ചെയ്തു. ടെന്റർ സമർപ്പിച്ചവരിൽ സിറ്റി മെഡിക്കൽ സപ്ളൈസസ് തിരുവനന്തപുരവും ഐശ്വര്യ ഫർണീഷേസ് കലവൂരും 3100 ക്വാട്ട് ചെയ്തിരുന്നു. ഐശ്വര്യ ഫർണീഷേസ് കലവൂർ നികുതി ഒഴികെയുള്ള വിലയാണ് ക്വാട്ട് ചെയ്തിരുന്നത് എന്നാൽ സിറ്റി മെഡിക്കൽ സപ്ളൈസസ് തിരുവനന്തപുരം നികുതി ഉൾപ്പെടെയുള്ള വിലയാണ് ക്വാട്ട് ചെയ്തിരുന്നത് മാത്രമല്ല രണ്ടു വർഷ വാറന്റി കൂടി പറഞ്ഞിരുന്നു ഈ കാരണത്താൽ പഞ്ചായത്ത് കമ്മറ്റി സിറ്റി മെഡിക്കൽ സപ്ളൈസസിന്റെ ടെന്റർ അംഗീകരിക്കുകയും ബിൽ നം 17/30-3-17 പ്രകാരം 151900/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് സിറ്റി മെഡിക്കൽ സപ്ളൈസസിനു നൽകുകയും ചെയ്തു. എന്നാൽ താഴെ പറയുന്നകാര്യങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിഗണിച്ചതായി കാണുന്നില്ല.

1. സിറ്റി മെഡിക്കൽ സപ്ളൈസസ് 30”നീളം, 16”വീതി, 24”ഉയരം ഉള്ള മേശയും ഐശ്വര്യ ഫർണീഷേസ് കലവൂർ ഇവ യഥാക്രമം 36”24”30”എന്നാണ് കാണിച്ചിരുന്നത്. മാത്രമല്ല ഡ്രോയറും കബേർഡും ഉൾപ്പെട്ടിട്ടുള്ള മേശയാണ് ഐശ്വര്യ ഫർണീഷേസ് സപ്ളൈ ചെയ്യാമെന്ന് അറിയിച്ചിരുന്നത്. ആയതു പരിഗണിച്ച് ഇവരുമായി നേഗോഷ്യേറ്റ് ചെയ്യാമായിരുന്നു.
2. വാങ്ങിയ മേശ പഠനാവശ്യത്തിന് തീരെ അപര്യാപ്തമാണെന്ന് അളവുകൾ പരിശോധിച്ചാൽ ബോദ്ധ്യപ്പെടുന്നതാണ്.

*<u>പ്രോജക്ട് നടത്തിപ്പിൽ കാണുന്ന മറ്റ് അപര്യാപ്തതകൾ താഴെ പറയുന്നു.</u>*

1. പഠനോപകരണങ്ങൾ അദ്ധ്യായന വർഷം അവസാനിച്ചതിനു ശേഷം മാത്രമാണ് വിതരണം ചെയ്യുവാൻ സാധിച്ചിട്ടുള്ളത്. മാത്രമല്ല ആനുകൂല്യം ലഭിച്ച കുമാരി മിനുക്കുട്ടി, ശ്രീ.പ്രജിത് ബാബു എന്നിവർക്ക് 12-ംക്ളാസ് പഠനം കഴിഞ്ഞാണ് ആനുകൂല്യം ലഭിച്ചിട്ടുള്ളത്.
2. വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുനാനായി 49കസേരയും മേശയും വാങ്ങിയെങ്കിലും 19എണ്ണം മാത്രമാണ് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്. 30 കസേരകളും മേശകളും വിതരണം ചെയ്തിട്ടില്ല. ആയവ ഓഫീസിൽ സൂക്ഷിച്ചിട്ടുമില്ല. ആയതിനാൽ 30 മേശകളുടെയും കസേരകളുടെയും വില 93000/- രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.
3. ആനുകൂല്യം ലഭിച്ച താഴെപറയുന്ന വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. (a) ശ്രീ. ശ്രീരാഗ് സോമൻ, (b) ശ്രീ. അഭിജിത്ത് ഉത്തമൻ, (c) ശ്രീ. ശ്രീജിത്ത് ഉത്തമൻ, (d) കുമാരി . നിരഞ്ജന രാജ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് രേഖകൾ ഹാജരാക്കാം എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. ആവശ്യമായ ഫർണീച്ചറിന്റെ നീളം, വീതി, ഉയരം, തടിയുടെ വിവരം മുതലായവ ഉൾപ്പെടുത്താതെ ടെണ്ടർ വിളിക്കുകയും നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമല്ലാത്ത ഫർണീച്ചർ, നിരക്ക് കുറവിന്റെ മാത്രം അടിസ്ഥാനത്തിൽ വാങ്ങി പദ്ധതിധനം ദുർവിനിയോഗം ചെയ്തതിനാൽ ഉപഖണ്ഡിക '2' ൽ നിരാകരിക്കപ്പെട്ട 93,000/- രൂപ ഒഴികെ ബാക്കിയായ 58900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 <u>സാമൂഹ്യ സുരക്ഷാ മിഷൻ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല</u>

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ സാമൂഹ്യ സുരക്ഷാ മിഷന് തുക നൽകിയത് പദ്ധതിക്ക് (പ്രോജക്ട് നം. S0196 /17) ഒരു ലക്ഷം രൂപ (ബിൽ നം. 6/16-17/18.3.17) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സാമൂഹ്യസുരക്ഷാ മിഷൻ തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതും തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്കായി ഹാജരാക്കിയില്ല, ഇത് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 19/18.08.2017) മറുപടി ഹാജരാക്കിയില്ല, വിനിയോഗസാക്ഷ്യപത്രവും കൈപ്പറ്റ് രസീതും ഹാജരാക്കാത്തതിനാൽ പദ്ധതിക്കായി ചെലവഴിച്ച ഒരു ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു
.

## 3-11 തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് - ഓർഡിനറി ബൾബുകളുടെ പേരിൽ അധികതുക നൽകുന്നു

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്ജ് (കൺസ്യൂമർ നം. 7000269) ഇനത്തിൽ ഓഡിറ്റ് വർഷത്തിൽ പ്രതിമാസം 39370/- രൂപ വീതം തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് വൈദ്യുതി ബോർഡിലേക്ക് ഒടുക്കിയിട്ടുണ്ട്. വൈദ്യുതി ബോർഡിൽ നിന്നും ഹാജരാക്കിയിട്ടുള്ള തെരുവ് വിളക്കുകളുടെ പത്രിക പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇന വിവരം | എണ്ണം |
|---|---|---|
| 1 | എസ്.വി. ലാമ്പ് 1x250 | 9 |
| 2 | സി.എഫ്.എൽ ഓട്ടോമാറ്റിക് 2x11 | 57 |
| 3 | ഫ്ലൂറസെന്റ് ട്യൂബ് 2x40 | 13 |
| 4 | ഓർഡിനറി ബൾബ് 1x60 | 20 |
| 5 | ഓർഡിനറി ബൾബ് 1x40 | 508 |

പ്രസ്തുത പട്ടിക പ്രകാരം നിലവിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളിൽ 40 വാട്ട്സിന്റെ 508-ഉം 60 വാട്ട്സിന്റെ 20 ഉം ഓർഡിനറി ബൾബുകളാണെന്ന് കണക്കാക്കിയാണ് വൈദ്യുതി ചാർജ്ജ് നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റ് വർഷത്തിലോ, മുൻ വർഷങ്ങളിലോ പഞ്ചായത്ത് ഓർഡിനറി ബൾബുകൾ വാങ്ങിയതായി രേഖകളില്ല. ഇതുസംബന്ധിച്ച് പഞ്ചായത്ത് കെ.എസ്സ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുമില്ല.

പല തവണകളായി സാധാരണ ബൾബുകൾ മാറി സി.എഫ്.എൽ ആക്കിയിട്ടുണ്ടെങ്കിലും അവയൊന്നും ഇവിടെ കെ.എസ്.ഇ.ബിയുടെ കണക്കിൽ കാണുന്നില്ല. സാധാരണ ബൾബുകൾക്ക്, സമാനമായ പ്രകാശം ലഭിക്കുന്ന സി.എഫ്.എൽ വിളക്കുകളേക്കാൾ വളരെ വലിയ തുകയാണ് വൈദ്യുത ചാർജ്ജാകുന്നത്. 40വാട്ട്, 60വാട്ട് സാധാരണ ബൾബുകളുടെ പ്രതിമാസ കറന്റ് ചാർജ്ജ് യഥാക്രമം രു 61/- രു 94/- എന്നിങ്ങനെയാണ്. എന്നാൽ ഇതിലധികം പ്രകാശം ലഭിക്കുന്ന 12വാട്ട്,18വാട്ട് സി.എഫ്.എൽ വിളക്കുകളുടെ കറന്റ് ചാർജ്ജ് യഥാക്രമം രു 9/-, രു 12/- എന്നിങ്ങനെയാണ് (KSEB Rate as on 01.12.2015). ഇതിൽ നിന്നും ഓരോ മാസവും വൻ തുകയാണ് ഗ്രാമപഞ്ചായത്തിന് കറന്റ് ചാർജ്ജിനത്തിൽ നഷ്ടപ്പെടുന്നത് എന്നു കാണാം. കൂടാതെ നിലവിൽ ഉയർന്ന വൈദ്യുത ഉപഭോഗമുള്ള വിളക്കുകൾ മാറ്റി തീരെ കുറഞ്ഞ വൈദ്യുത ഉപഭോഗമുള്ള വിളക്കുകൾ ഉപയോഗിച്ചാൽ കറന്റ് ചാർജ്ജ് ചെലവിൽ വലിയ കുറവ് ഉണ്ടാകുന്നതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/9.8.2017) തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗത്തിലുള്ള വിളക്കുകൾക്ക് നിശ്ചിത നിരക്കിലുള്ള വൈദ്യുത ചാർജ്ജ് മാത്രമേ ഈടാക്കുന്നുള്ളൂവെന്ന് ഉറപ്പുവരുത്തേണ്ടതും, അധികം അടവാക്കിയിട്ടുണ്ടെങ്കിൽ തുടർന്നുള്ള മാസങ്ങളിൽ കുറവു ചെയ്തു കിട്ടുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 വെള്ളക്കരം - ഭീമമായ കുടിശ്ശിക

വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്ത് 31-03-2017 വരെ അതോറിറ്റിയ്ക്ക് നൽകാനുള്ള വെള്ളക്കര കുടിശിക 2% ഫൈൻ അടക്കം 6401388/- രൂപയാണ്. വാട്ടർ അതോറിറ്റി നൽകിയിട്ടുള്ള

കണക്ക് പ്രകാരം 326 ടാപ്പുകൾക്ക് ഒരു വർഷം ഒടുക്കേണ്ട തുക 1711500/- രൂപയാണ്. (326x 5250/-) ഇതിന്റെയടിസ്ഥാനത്തിൽ പ്രതിമാസം 142625/- രൂപയാണ് പഞ്ചായത്തിൽ നിന്നും നൽകുന്നത്. പഞ്ചായത്തിൽ നിന്നും പ്രതിമാസം തുക നൽകുന്നുണ്ടെങ്കിലും ടി തുകകൾ വാട്ടർ അതോറിറ്റിയുടെ ഡിമാന്റിൽ കുറവ് വരുത്തിയതായി കാണുന്നില്ല. ഭീമമായ തുക കുടിശ്ശിക വരുവാനുള്ള കാരണവും വ്യക്തമല്ല. കുടിശ്ശിക സംബന്ധിച്ച പൂർണ്ണ വിവരങ്ങളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. 30.3.2012 ൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധന റിപ്പോർട്ട് പ്രകാരം കണക്കാക്കിയ 326 ടാപ്പുകൾക്കാണ് നിലവിലും തുക നൽകുന്നത്. 5 വർഷം മുമ്പ് നടത്തിയ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിൽ തുക നൽകുന്നത് ക്രമ വിരുദ്ധമാണ്. നിലവിൽ പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ കൃത്യമായ വിവരം കണക്കാക്കി തുക നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 ബിറ്റുമിൻ വാങ്ങൽ - പ്രവൃത്തികൾ നാളിതുവരെ നടപ്പാക്കിയില്ല.

ചെക്ക് നം. 1073061/20.3.17 – 1434286/-

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ റോഡ് നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിൻ വാങ്ങുന്നതിനായി 1434286/- രൂപ അസിസ്റ്റന്റ് എഞ്ചിനിയർ പ്രസ്തുത ചെക്ക് പ്രകാരം പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് സെക്രട്ടറി താഴെ പറയും വിധം ബിറ്റുമിൻ വാങ്ങി നൽകിയിട്ടുണ്ട്.

| ക്രമ നം. | തീയതി | നൽകിയ തുക | സ്ഥാപനം | ലഭിച്ച ബാരലിന്റെ എണ്ണം/ തീയതി | തുക | പരാമർശം |
|---|---|---|---|---|---|---|
| 1 | 21.3.17 | 1434286 | എച്ച്.പി.സി.എൽ | 149 (29.3.17) | 834154 | ശേഷിച്ച തുക തിരികെ ലഭിച്ചിട്ടുണ്ട്. |
| 2 | 5.5.17 | 588776 | ഹിന്ദുസ്ഥാൻ കോളാസ് ലിമി. കൊച്ചി | 53 (17.5.17) | 559677 | അക്കൗണ്ട് ട്രാൻസ്ഫർ |
| | ആകെ | | | 202 | 1393831 | |

21 റോഡ് പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിൻ വാങ്ങുന്നതിനായാണ് അസി.എഞ്ചിനിയർ പ്രസ്തുത തുക നൽകിയിരുന്നത്. എന്നാൽ ബിറ്റുമിൻ വാങ്ങുന്നതിനായി ചെലവായ തുക 1393831/- രൂപയാണ്. പഞ്ചായത്ത് ഫണ്ടിൽ ടി ഇനത്തിൽ ശേഷിക്കുന്ന 40455/- രൂപ തിരികെ ലഭ്യമാക്കേണ്ടതാണ്.

ബിറ്റുമിൻ വാങ്ങുന്നതിനായി ട്രഷറിയിൽ നിന്നും പിൻവലിച്ച തുകയും ചെക്കു പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

ബിറ്റുമിൻ വാങ്ങുന്നതിനായി ബിൽ നം.13 മുതൽ 52 വരെയുള്ള ബില്ലുകൾ പ്രകാരം അസി.എഞ്ചിനിയർ ട്രഷറിയിൽ നിന്നും പിൻവലിച്ചതായി കാണുന്ന തുക 1367927/- രൂപയാണ്. (അസിസ്റ്റന്റ് എഞ്ചിനിയർ ഹാജരാക്കിയ പത്രികയിലും ടി തുകയാണുള്ളത്) എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിൽ നിന്നും സെക്രട്ടറിയ്ക്ക് നൽകിയിട്ടുള്ള തുക 1434286/- രൂപയാണ്. ക്യാഷ് ബുക്ക്, ബിൽ രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത വ്യക്തമല്ല. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

പ്രവൃത്തികൾ നാളിതുവരെ നടപ്പാക്കിയിട്ടില്ല.

ലഭിച്ച ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഓഡിറ്റ് തിയതിയിലും ബിറ്റുമിൻ ഉപയോഗിച്ചിട്ടില്ല. പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ടി.എസ്.ബി പാസ്സ് ബുക്ക്, ചെക്കിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിന് (1652) നൽകിയിട്ടുള്ള ചെക്ക് ബുക്കിൽ നിന്നും( 1073061-1073080) 1073062, 63 എന്നീ നമ്പരിലുള്ള ചെക്കുകൾ ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. എന്നാലിതിന്റെ കൗണ്ടർ ഫോയിലിൽ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്ക്, അനുബന്ധ രജിസ്റ്ററുകൾ എന്നിവയൊന്നും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പിൻവലിച്ച തുകയുടെ വിവരങ്ങൾ ഓഡിറ്റിൽ വ്യകതമല്ല. ട്രഷറി പാസ്സ് ബുക്കും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുവാനും അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/17.8.2017) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ഹാജരാക്കിയിട്ടില്ല. ചെലവ് വിവരവും അനുബന്ധ വിവരങ്ങളും ഇല്ലാത്തതിനാൽ മേൽപ്പറഞ്ഞ ചെക്കുകൾ പ്രകാരം പണം പിൻവലിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 3-14 പണമിടപാടുകൾ നടത്താതെ ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നു.

ഗ്രാമ പഞ്ചായത്തിന്റെ താഴെ പറയുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ടുകളിൽ വളരെക്കാലമായി യാതൊരു വിധ പണമിടപാടുകളും നടത്താതെ നിർജ്ജീവമായി കിടക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | 2.5.2017 ലെ നീക്കിയിരുപ്പ് | പരാമർശം |
|---|---|---|---|---|
| 1 | ഐ.ഒ.ബി, നീരേറ്റുപുറം | 7928 | 93819 | എസ്.ജി.ആർ.വൈ അക്കൗണ്ട്. 4.5.07 ന ശേഷം പണമിടപാടുകളില്ല. പലിശ വരവ് മാത്രം. |
| 2 | ഐ.ഒ.ബി, നീരേറ്റുപുറം | 7922 | 1408 | എസ്.ജി.ആർ.വൈ അക്കൗണ്ട്. 26.5.08 ന ശേഷം പണമിടപാടുകളില്ല. പലിശ വരവ് മാത്രം. |
| 3 | ഐ.ഒ.ബി, നീരേറ്റുപുറം | 22222 | 265241 | കുട്ടനാട് പാക്കേജ്. 5.3.16 ന ശേഷം പണമിടപാടുകളില്ല. |
| 4 | ഐ.ഒ.ബി, നീരേറ്റുപുറം | 51 | 2111 | ദുരിതാശ്വാസ നിധി. 14.7.10ന ശേഷം നിഷ്ക്രീയം. |
| 5 | ഐ.ഒ.ബി, നീരേറ്റുപുറം | 41 | 9463 | എസ്.എസ്.എ അക്കൗണ്ട്. 29.10.14 ന ശേഷം പണമിടപാടുകളില്ല. പലിശ വരവ് മാത്രം. |
| 6 | ട്രഷറി | വി.പി.എഫ്. എ1-2 | 404244 | 23.6.10 ന ശേഷം പണമിടപാടുകളില്ല. 17.1.15 ലെ 8(17) പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം ടി തുക പുതിയ വി.പി.എഫ് അക്കൗണ്ടിലേയ്ക്ക് മാറ്റിനൽകു ന്നതിനായി സർക്കരിലേയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്. |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/9.8.2017) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ പ്രസ്തുത വിവരങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

വർഷങ്ങളായി പണമിടപാടുകൾ നടത്താത്ത മറ്റ് ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രീയമായി തുടരുന്നതിനാൽ അവ ക്ലോസ്സ് ചെയ്ത് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-15 ഓഡിറ്റ് ഇംപാക്ട്

1. ഗ്രാമ പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ. പീയുഷ്.പി.പ്രസന്നന് ആർജ്ജിതാവധി സറണ്ടർ ഇനത്തിൽ 5625/- രൂപ അധികം നൽകിയത് ഓഡിറ്റ് അന്വേഷണത്തിൽ ചൂണ്ടികാട്ടിയതിനെ തുടർന്ന് പ്രസ്തുത തുക 16.8.17 ൽ 117010101036 നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ തിരികെ ഒടുക്കിയിട്ടുണ്ട്.
2. 2016-17 വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പദ്ധതി രേഖ, ഗ്രാമ സഭാ നോട്ടീസ്, വിവിധ ഫോറങ്ങൾ എന്നിവ പ്രിന്റ് ചെയ്തു നൽകിയ നെൽസൺ, നീരേറ്റുപുറം എന്ന സ്ഥാപനത്തിന് ബിൽ പ്രകാരം തുക നൽകിയപ്പോൾ പ്രസ്തുത തുകക്ക് കേരള മൂല്യവർദ്ധിത നികുതി നിയമം വകുപ്പ് 10 പ്രകാരം ഈടാക്കേണ്ടിയിരുന്ന നാല് ശതമാനം വാറ്റ് ഈടാക്കിയിട്ടില്ല. ഈയിനത്തിൽ 2070/- രൂപയുടെ നഷ്ടം സംസ്ഥാന സർക്കാരിനുണ്ടായത് ഓഡിറ്റ് അന്വേഷണത്തിൽ ചൂണ്ടികാട്ടിയതിനെ തുടർന്ന് പ്രസ്തുത തുക 17.8.17 ൽ 117010101042 നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ തിരികെ ഒടുക്കിയിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട ഹെഡിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന

തലവടി ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. *രസീത് & പെയ്മെന്റ് അക്കൗണ്ട്*

സ്ഥാപനത്തിന്റെ 2016/17വർഷത്തെ വരവ് ചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14077139 |
| വരവ് | 39663097 |
| ആകെ | 53740236 |
| ചെലവ് | 37849373 |
| നീക്കിയിരുപ്പ് | 15890863 |

2. *ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്*

സ്ഥാപനത്തിന്റെ 2016/17വർഷത്തെ ആദായത്തിന്റേയും ചെലവിന്റേയും സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആദായം | 93917125 |
| ചെലവ് | 97101054 |
| ഡെഫിസിറ്റ് | 3183929 |
| പ്രയർ പീരീഡ് ഐറ്റം | 589228 |
| യഥാർത്ഥ ഡെഫിസിറ്റ് | 2594701 |

3. *ബാലൻസ് ഷീറ്റ്*

സ്ഥാപനത്തിന്റെ 31-3-2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെ പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 27356836 |
| (-) റിസർവ്വും ഇയർമാർക്ക്ഡ് ഫണ്ടും ഉൾപ്പെടെ ആകെ ബാധ്യത | 21975375 |
| പഞ്ചായത്ത് ഫണ്ട് | 5381461 |
| ആകെ ബാധ്യത | 27356836 |

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ള ആസ്തിയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.
2. MNREGS പദ്ധതിയുടെ EFMS സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
3. ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസ്സിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.
4. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/തസ്വഭവ തീ: 26.07.2011) നടപ്പാക്കിയിട്ടില്ല.

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | പാലിയേറ്റീവ് കെയർ | 200000 | -- |
| | | 90600 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 90600 | -- |
| | | 100000 | പോഷകാഹാരം | 100000 | -- |
| ജില്ലാ പഞ്ചായത്ത് | | 90600 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 90600 | -- |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 23/29.3.17 | 285372 | -- | 285372 |
| | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ-മീറ്ററിംഗ് | 21/29.3.17 | 68000 | -- | 68000 |
| | | 16/28.2.17 | 1586377 | -- | 1586377 |
| കേരളാ വാട്ടർ അതോറിറ്റി | കോതപ്പുഴശ്ശേരിപ്പടി പൈപ്പ് ലൈൻ സ്ഥാപിക്കൽ | 25/30.3.17 | 65000 | -- | 65000 |
| | ആകെ | | 2004749 | | 2004749 |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39663097 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37849373 |
| വരവിനങ്ങളിലുള്ള നഷ്ടം | 18510 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 163281 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2672842 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1(1&2) | 1350 | | ശ്രീമതി. സിന്ധു. എസ്, സെക്രട്ടറി |
| 2-3 | 17160 | | ശ്രീമതി. സിന്ധു. എസ്, സെക്രട്ടറി |
| 3-1 | | 69431 | പ്രത്യേകം ചേർത്തിട്ടുണ്ട് |
| 3-4 | | 850 | ശ്രീമതി. ഓമന. ആർ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-9 | | 93000 | ശ്രീ. ബി. രാജഗോപാൽ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 18510 | 163281 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2004749 | ശ്രീമതി. സിന്ധു. എസ്, സെക്രട്ടറി |
| 3-3 | 8759 | ശ്രീമതി. ഓമന. ആർ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-5 | 200000 | ശ്രീമതി. സിന്ധു. എസ്, സെക്രട്ടറി |
| 3-6 | 54434 | ഡോ. എലീസ. കെ, മെഡിക്കൽ ഓഫീസർ (ആയൂർവേദം) |
| | 50000 | ഡോ. പ്രമിത. പി. പിള്ള, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-7 | 196000 | ഡോ. പ്രശോഭ്. എസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, |
| 3-9 | 58900 | ശ്രീ. ബി. രാജഗോപാൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 100000 | ശ്രീമതി. അനില ശശിധരൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 2672842 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-1 (3), 2-5, 3-11, 3-13

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സിന്ധു. എസ്,<br>സെക്രട്ടറി | സെക്രട്ടറി,<br>തലവടി ഗ്രാമപഞ്ചായത്ത് | കല്ലുംപറമ്പിൽ,<br>ഏവൂർ തെക്ക്,<br>കീരിക്കാട് പി.ഒ, ആലപ്പുഴ |
| ശ്രീമതി. ഓമന. ആർ,<br>അസിസ്റ്റന്റ് എഞ്ചിനിയർ | വിരമിച്ചു | നന്ദനം,<br>പെരിങ്ങാല.പി.ഒ, കായംകുളം |
| ഡോ. പ്രമിത. പി. പിള്ള,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ), തലവടി | ആതിര ഹൗസ്,<br>നാരകത്തറ.പി.ഒ, കാവാലം |
| ഡോ. എലീസ. കെ,<br>മെഡിക്കൽ ഓഫീസർ(ആയൂർവേദം) | മെഡിക്കൽ ഓഫീസർ<br>(ആയൂർവേദം), തലവടി | കോലരിക്കൽ ഹൗസ്,<br>പാതിരപ്പള്ളി.പി.ഒ,<br>പൂങ്കാവ്, ആലപ്പുഴ |

| | | |
|---|---|---|
| ഡോ. പ്രശോഭ്. എസ്,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി, തലവടി | കുറ്റിയ്ക്കൽ ഹൗസ്,<br>ആനപറമ്പാൽ നോർത്ത്.പി.ഒ,<br>തലവടി |
| ശ്രീ. ബി. രാജഗോപാൽ,<br>അസിസ്റ്റന്റ് സെക്രട്ടറി | | ലക്ഷ്മി നിവാസ്,<br>പുതുപ്പള്ളി.പി.ഒ, ആലപ്പുഴ |
| ശ്രീമതി. അനില ശശിധരൻ<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ,<br>തലവടി ഗ്രാമപഞ്ചായത്ത് | പുലരി,<br>കൊറ്റംകുളങ്ങര,<br>അവലൂക്കുന്നു.പി.ഒ, ആലപ്പുഴ |

## 4-10. <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 96-97, 97-98 | എൽ.എഫ്.ജി.എ5/1832/11/31.1.12 |
| 2000-01 | എൽ.എഫ്.ജി.എ5/1832/11/28.1.12 |
| 03-04 | എൽ.എഫ്.ജി.എ5/1832/11/25.1.12 |
| 2005-06 മുതൽ 2010-2011വരെ | എൽ.എഫ്.ജി.എ5/1832/11/25.1.12 |
| 2011-12, 12-13 | എൽ.എഫ്.എ.പി 1/755/2014/30.7.14/4.10.14 |
| 2013-2014 | കെ.എസ്.എ/എ.എൽ.പി/പി 1/214/16 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി 11/827/16/29.7.16 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി 11/1333/16/2611.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.

ഡെപ്യൂട്ടി ഡയറക്ടർ

*<u>അനുബന്ധം - 1</u>*

നം. കെ.എസ്.എ-എ.എൽ.പി-പി11-1127/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ.

തീയതി. 11.09.2017

*<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 4 ഖണ്ഡിക 1ൽ കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തലവടി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P11-1127/17

Kerala State Audit Department,

District Audit Office,Alappuzha.

Date: 11.09.2017

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Thalavady Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Thalavady Grama panchayat for the year 2016-17 except the observations in part 4-1 of the audit report properly presents the picture of income and expenditure.

.

.

Deputy Director

Kerala State Audit Department

Alappuzha

## അനുബന്ധം - 2

## 1/29.08.2016 കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും പേരും മേൽവിലാസവും.

| വാർഡ് നമ്പർ | വാർഡിന്റെ പേര് | മെമ്പറുടെ പേര് | വിലാസം | റിമാർക്സ് |
|---|---|---|---|---|
| 1 | കുളങ്ങര | അഡ്വ. ജനൂബ് പുഷ്കരൻ | പട്ടത്താനം,<br>തലവടി,ആനപ്രമ്പാൽ നോർത്ത്<br>689572 | പ്രസിഡന്റ് |
| 2 | കാരിക്കുഴി | ഷീനാ എലിസബത്ത് ജേക്കബ് | തോട്ടുകടവിൽ ഹൌസ്,<br>കാരിക്കുഴി - 689571 | |
| 3 | തിരുവിരുക്കരി | ജിജി തോമസ് പ്രസാദ് | പുത്തൻപുരയ്ക്കൽ, നടുവിലേമുറി,<br>തലവടി - 689572 | വൈസ് പ്രസിഡന്റ് |
| 4 | നടുവിലേമുറി | പ്രകാശ് പനവേലി | ചിറമേൽപനവേലി,<br>നടുവിലേമുറി, തലവടി - 689572 | |
| 5 | വെള്ളക്കിണർ | ബിനു സുരേഷ് | തട്ടങ്ങാട്ട്,<br>ആനപ്രമ്പാൽ, തലവടി -689572 | |
| 6 | നാരകത്രമുട്ട് | ബാബു വലിയവീടൻ | വലിയവീട്ടിൽ,<br>തലവടി, നീരേറ്റുപുറം. പി. ഒ<br>(689571) | |
| 7 | മാണത്തറ | അനരൂപ് (കൊച്ചുഞ്ഞു മരങ്ങാട്ട്) | തെക്കേ മരങ്ങാട്ട്,<br>തലവടി, മാണത്തറ, 689572 | |
| 8 | ചക്കുളം | മണിദാസ് | വട്ടമ്മക്കുഴി,<br>തലവടി, തലവടി. പി. ഒ,<br>689572 | വിദ്യാഭ്യാസ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ |
| 9 | മണലേൽ | രമാ മോഹനൻ | ഇടയത്ര,<br>തലവടി, തലവടി. പി. ഒ.<br>689572 | |
| 10 | തലവടി | അജിത് കുമാർ | പിഷാരത്ത്,<br>തലവടി, തലവടി. പി. ഒ<br>689572 | |
| 11 | ചൂട്ടുമാലി | പി. കെ. വർഗ്ഗീസ് | പാലപ്പറമ്പിൽ,<br>തലവടി,<br>ആനപ്രമ്പാൽ നോർത്ത്<br>പി. ഒ. 689571 | വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ |
| 12 | കോടമ്പനാടി | പ്രിയ അരുൺ | പുന്നശ്ശേരിൽ, | |

| | | | | |
|---|---|---|---|---|
| | | | തലവടി, തലവടി. പി. ഒ. 689572 | |
| 13 | കൊച്ചമ്മനം | സുഷമ സുധാകരൻ | എരുമത്ര, തലവടി, ആനപ്രമ്പാൽ നോർത്ത് പി. ഒ. 689571 | |
| 14 | ആനപ്രമ്പാൽ | ദിന്ന വിനോദ് | വാലേൽപുത്തൻപറമ്പിൽ, തലവടി, ആനപ്രമ്പാൽ നോർത്ത് പി. ഒ. 689571 | ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ. |
| 15 | | ബി. രാജഗോപാൽ | | സെക്രട്ടറി |
| 16 | | അനിലാ ശശിധരൻ | | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

.
.
.

.

ഡെപ്യൂട്ടി ഡയറക്ടർ